എമ്മാവൂസ്

# വചനദൂത്



## 'ഈശോ എനിക്ക് ആരാണ്?'

പള്ളിക്കൂദാശക്കാലം ഒന്നാം ഞായർ മത്താ 16:13 – 19

Vol.20 / Issue - 20 / 5 Nov 2017

ബ്ര. ജോസഫ് കൊല്ലംപ്പറമ്പിൽ

മംഗളവാർത്തയിലാരംഭിച്ച് ഈശോയുടെ ജനനത്തെയും മാമ്മോദീസായെയും മരുഭൂമിയിലെ ദിനങ്ങളെയും പരസ്യജീവിതത്തെയും പീഡാനുഭവത്തെയും മരണത്തെയും ഉത്ഥാനത്തെയും സ്വർഗ്ഗാരോഹണത്തെയും പന്തക്കുസ്തായെയും ലോകത്തിന്റെ അതിർത്തികൾ വരെ സുവിശേഷം അറിയിക്കുവാൻ ശ്ലീഹന്മാരെ അയയ്ക്കുന്നതിനെയും സഭയുടെ വളർച്ചയെയും സ്ലീവായുടെ പുകഴ്ചയെയും എല്ലാം ധ്യാനിച്ച് സഭയുടെ സമർപ്പണത്തിൽ നാം ഇന്ന് പ്രവേശിക്കുകയാണ്. സഭയുടെ സമർപ്പണ തിരുനാളോടെ ആരംഭിക്കുന്ന ആരാധനാവത്സരത്തിലെ അവസാന കാലമാണ് പള്ളിക്കൂദാശക്കാലം. മിശിഹാ തന്റെ പെസഹാ രഹസ്യങ്ങളുടെ പൂർത്തീകരണത്തിലൂടെ നേടിയ തന്റെ പ്രിയ മണവാട്ടിയായ സഭയെ പരമപിതാവിന് സമർപ്പിക്കുന്നതിനെ അനുസ്മരിക്കുന്ന കാലം.

ആദ്യത്തെ വായനയായ പുറപ്പാട് 40:17–29, നാം വായിക്കുക കൂടാര പ്രതിഷ്ഠയെപ്പറ്റിയാണ്. ഇസ്രായേൽ ജനത്തിന്റെ കൂടെയുള്ള നിരന്തര ദൈവ സാന്നിധ്യത്തിന്റെ അടയാളമാണ് സമാഗമ കൂടാരം. ദൈവം കൂടെ വസിക്കുന്ന ഒരു ജനതയാണ് ഇസ്രായേൽ. ദൈവം കല്പിച്ച രീതിയിൽ കൂടാരം നിർമ്മിക്കുകയും ഒരുക്കുകയും ചെയ്തപ്പോൾ ദൈവം ഇറങ്ങിവന്ന് അവരോടൊപ്പം വസിക്കുകയും ചെയ്തു. പുതിയ ഇസ്രായേൽ ജനതയായ നമ്മോടൊരുത്തരും നിറസാന്നിധ്യമായ് ദിവ്യകാരുണ്യത്തിൽ ദൈവം വസിക്കുന്നു.

രണ്ടാമത്തെ വായനയായ ഏശയ്യ 6:1–8 നാം വായിക്കുക ഏശയ്യ പ്രവാചകന് ഉണ്ടായ ഒരു ദർശനത്തെപ്പറ്റിയാണ്. ദർശനത്തിൽ കർത്താവിനെയും മാലാഖനിരകളെയും കണ്ടപ്പോൾ തന്റെ അയോഗ്യത തിരിച്ചറിഞ്ഞ് അത് ഏറ്റുപറയുന്നു. ഉടൻ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതൻ കൊടിൽ കൊണ്ട് ബലിപീഠത്തിൽ നിന്ന് തീക്കനലുമായി പ്രവാചകനെ സമീപിക്കുകയും അത് അവന്റെ നാവിൽ സ്പർശിച്ചുകൊണ്ട് അവനെ ശുദ്ധീകരിക്കുകയും ചെയ്യുന്നു. ഓരോ ദിവ്യബലിയിലും ഈ ദർശനമാണ് നാം ഓരോരുത്തരും കാണേണ്ടത്. വിശുദ്ധ കുർബാനയാകുന്ന തീക്കട്ട സ്വീകരിക്കുവാൻ അയോഗ്യതകൾ തിരിച്ചറിഞ്ഞ് അനുതപിച്ച് കുമ്പസാരിച്ച് വിശുദ്ധ കുർബാന സ്വീകരിച്ച് വിശുദ്ധരായി ജീവിക്കുവാനുള്ള ആഹ്വാനമാണ് ഓരോ ക്രിസ്ത്യാനിക്കും ലഭിച്ചിട്ടുള്ളത്. ഏശയ്യാ പ്രവാച

കനെ ശുദ്ധീകരിച്ച്, ദൈവം ദൗത്യം നൽകി അയയ്ക്കുകയാണ്. ഇതുപോലെ ഓരോ വിശുദ്ധ ബലിയിലും ദൈവം നമ്മെ ശുദ്ധീകരിക്കുകയും ദൗത്യം നൽകി അയയ്ക്കുകയും ചെയ്യുന്നു.

മൂന്നാമത്തെ വായനയിൽ 1 കോറി 13:1-13-ൽ നാം കാണുക പൗലോസ് ശ്ലീഹാ കോറിന്തോസ് സഭയിലെ ജനങ്ങളെ സ്നേഹത്തെപ്പറ്റി പഠിപ്പിക്കുന്ന ഭാഗമാണ്. സ്നേഹം എല്ലാത്തിന്റെയും ഉറവിടവും പൂർണ്ണതയുമാണ്. സ്നേഹം ഇല്ലെങ്കിൽ എല്ലാം അർത്ഥശൂന്യമായി തീരും. കാരണം, ദൈവം സ്നേഹമാണ്. സ്നേഹരാഹിത്യത്താൽ ചെയ്തുകൂട്ടുന്നതെല്ലാം വെറും യാന്ത്രികമാണ്.

അപ്പം വർദ്ധിപ്പിച്ചും രോഗികളെ സുഖപ്പെടുത്തിയും അത്ഭുതങ്ങൾ പ്രവർത്തിച്ചും തങ്ങളുടെ മുമ്പിലൂടെ കടന്നുപോകുന്ന തന്നെപ്പറ്റിയുള്ള ജനത്തിന്റെ അഭിപ്രായവും തന്നോട് കൂടെ എപ്പോഴും ആയിരിക്കുന്ന പ്രിയ ശിഷ്യർക്ക് തന്നെക്കുറിച്ചുള്ള അഭിപ്രായവും ആരായുകയാണ് ഈശോ ഇന്നത്തെ സുവിശേഷഭാഗത്തിലൂടെ. കേസറിയാ ഫിലിപ്പിയിൽ വച്ച് തന്റെ അരുമശിഷ്യരോട് ഈശോ ചോദിക്കുന്നത് പ്രധാനപ്പെട്ട രണ്ടു ചോദ്യങ്ങളാണ്. തന്നെ കാണുകയും കേൾക്കുകയും തന്റെ പ്രവർത്തനങ്ങൾക്ക് സാക്ഷികളാകുകയും ചെയ്തിരുന്ന ജനം 'താൻ ആരെന്നാണ് പറയുന്നത്' എന്ന് ശിഷ്യരോടു ചോദിക്കുന്നു. രക്ഷകനെ പ്രതീക്ഷിച്ചിരുന്ന യഹൂദജനം അവനെ രക്ഷകന് വഴിയൊരുക്കുവാൻ വന്ന സ്നാപകനായിട്ടും പ്രവാചകരിൽ ഒരുവനായിട്ടും ഒക്കെയാണ് മനസ്സിലാക്കുന്നത്. രണ്ടാമത്തെ ചോദ്യം തന്റെ പ്രിയ ശിഷ്യരോടാണ്. 'ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?' മൂന്നുവർഷം തന്റെ കൂടെ ആയിരിക്കുന്ന ശിഷ്യരുടെ മറുപടി ജനത്തിന്റെ മറുപടിയെക്കാൾ കേൾക്കാൻ ഈശോ ആഗ്രഹിച്ചിരുന്നു. ഉടനെ ശിഷ്യരിൽ പ്രമുഖനായ പത്രോസ് പറയുക; 'നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു' എന്നാണ്. ഇത് പത്രോസ് ഒരിക്കലും തന്റെ ബുദ്ധിശക്തികൊണ്ട് പ്രഖ്യാപിച്ച ഒന്നായിരുന്നില്ല. കാരണം, ഈശോ അവനു നൽകുന്ന മറുപടിയിൽ നിന്ന് ഉത്തരത്തിന്റെ ഉറവിടവും നമുക്ക് ലഭിക്കുന്നു. തന്റെ സ്വർഗ്ഗീയ പിതാവാണ് ഇത് വെളിപ്പെടുത്തിയതെന്ന് ഈശോ പറയുന്നു.

ഇവിടെ കർത്താവ് പത്രോസിനു നൽകുന്ന പാഠം, ദൈവീക വെളിപാടിനു മുമ്പിൽ തന്റെ ആശയങ്ങളും അറിവുകളും എല്ലാം മാറ്റിവച്ച് ദൈവസ്വരത്തിന് ചെവികൊടുക്കുവാൻ ആഹ്വാനം ചെയ്യുകയാണ്. ചുറ്റുമുള്ളവരുടെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കും ചെവികൊടുക്കാതെ, ദൈവിക വെളിപാടിനെ പ്രഘോഷിക്കാൻ കാണിച്ച ധൈര്യവും വിശ്വാസവുമാണ് പത്രോസാകുന്ന പാറമേൽ തന്റെ സഭയെ പടുത്തുയർത്തുവാൻ ഈശോയെ പ്രേരിപ്പിച്ചത്. ഉറച്ച പാറമേൽ പണിത ഭവനം നശിക്കുകയില്ലെന്ന് മത്താ 7:25-ൽ നാം വായിക്കുന്നു.

സഭ സ്ഥാപിക്കുന്നതിനോടൊപ്പം തന്റെ പ്രതിനിധിയായി നിന്നുകൊണ്ട് സഭയെ നയിക്കാനുള്ള ഒരു നിയോഗം പത്രോസിന് ഈശോ നൽകുന്നു. പ്രഥമ മാർപാപ്പ എന്ന നിലയിൽ സഭയെ നയിക്കുവാനും സഭാതനയരെ സ്വർഗ്ഗരാജ്യത്തിലേക്ക് ആനയിക്കുവാനും ഒപ്പം സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ തുറക്കാൻ താക്കോലും ഈശോ നല്കുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലും കെട്ടുവാനും അഴിക്കുവാനുമുള്ള പാപമോചനാധികാരം പത്രോസിലൂടെ തിരുസഭയ്ക്ക് ഈശോ നൽകുന്നു.

ഇവിടെ ബലഹീനനായ പത്രോസിനെ ഈശോ സ്വർഗ്ഗരാജ്യത്തോളം ഉയർത്തുന്നു. തന്റെ എല്ലാ ശിഷ്യന്മാരെ എന്നപോലെ പത്രോസ് ശ്ലീഹായെയും ഈശോ വ്യക്തമായി അറിഞ്ഞിരുന്നു. ബലഹീനനായ പത്രോസിനെ ദൈവം കൃപകൾ കൊണ്ടു നിറയ്ക്കുന്നു. നമ്മുടെ കുറവുകളും ബലഹീനതകളും ദൈവം ഏറ്റെടുക്കുമ്പോൾ അത് നമ്മുടെ ശക്തിയായി മാറും; ദൈവത്തിന്റെ കൃപ നമ്മിലേക്ക് ഒഴുകും. ഏശയ്യാ പ്രവാചകനെപ്പോലെ, ജറെമിയാ പ്രവാചകനെപ്പോലെ പത്രോസിനെപ്പോലെ, സക്കേവൂസിനെപ്പോലെ നാം നമ്മെത്തന്നെ ദൈവത്തിന് വിട്ടുകൊടുക്കുമ്പോൾ, നമ്മുടെ ജീവിതത്തിലും അത്ഭുതങ്ങൾ ദർശിക്കും.

വിശുദ്ധ അമ്മ ത്രേസ്യ പറയുന്നു: "ഞാൻ തിരുസഭയുടെ പുത്രിയായി ജനിച്ചു, തിരുസഭയുടെ പുത്രിയായി തന്നെ മരിക്കും." ഈശോ തന്റെ രക്തത്താൽ നേടിയെടുത്ത സഭയിൽ അംഗമായതിൽ നമുക്കഭിമാനിക്കാം. ഇന്നത്തെ ലോകത്തിൽ സഭ അനേകം പീഡനങ്ങളിലൂടെ കടന്നുപോകുന്നുണ്ട്. തിരുസഭയുടെ ആരംഭം മുതൽ ഇന്നോളം അവളും അവളുടെ മക്കളും പീഡനങ്ങളേൽക്കുന്നു. സ്വർഗ്ഗരാജ്യത്തിലേക്ക് നമ്മെ നയിക്കുന്ന അമ്മയാണ് തിരുസഭ എന്ന യാഥാർത്ഥ്യം നാം മറന്നു പോകരുത്. അമ്മയ്ക്കേൽക്കുന്ന മുറിവുകൾ സഭാമക്കളായ നമ്മെയും മുറിപ്പെടുത്തുന്നതാണ്. എങ്കിലും തിരുസഭ ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല. ലോകാവസാനത്തോളം അവൾ നിലനിൽക്കും. കാരണം സഭയെ നയിക്കുന്നത് പരിശുദ്ധ ആത്മാവാണ്.

തിരുസഭയെ കൂടുതൽ ആഴത്തിൽ മനസിലാക്കുവാനും ധ്യാനത്തിനുമായി വരും ദിനങ്ങൾ നമ്മെ സഹായിക്കട്ടെ. അതിനായ് നമുക്ക് പ്രാർത്ഥിക്കാം. ◆